"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-IAY പദ്ധതിയ്ക്കായി 2012-13 ൽ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് ത്രിതല-സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത നടപടി സാധൂകരിച്ചുകൊണ്ടും പ്രസ്തുത വായ്പയിൽ തിരിച്ചടയ്ക്കാനുള്ള തുക, ലോൺ അക്കൗണ്ടിൽ ശേഷിക്കുന്ന തുകയിൽ നിന്ന് പിൻവലിച്ച് തിരിച്ചടയ്ക്കുന്നതിനും, പലിശയുൾപ്പെടുന്ന ബാക്കി തുക വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഒടുക്കുന്നതിനും അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2296/2025/LSGD തീയതി,തിരുവനന്തപുരം, 22-09-2025

---

പരാമർശം:-

1. ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 13.03.2024, 28.04.2025, 30.07.2025 തീയതികളിലെ C 2276/2018 നമ്പർ കത്തുകൾ
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.07.2024 ലെ LSGD/PD/61712/2023-CSSA1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഐ.എ.വൈ.ഭവന നിർമ്മാണ പദ്ധതിയ്ക്കായി, 2012-13 വർഷത്തിൽ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പ തിരിച്ചടയ്ക്കുന്നതിനു അനുമതി നൽകണമെന്നും, സർക്കാർ ഉത്തരവിന്റെ സമയപരിധി കഴിഞ്ഞ് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തത് സാധൂകരിക്കുന്നതിനും, ഇത്തിക്കര ബ്ലോളോക്ക് പഞ്ചായത്ത് പ്രസിഡന്റ് സൂചന 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത നിവേദനത്തിന്മേൽ അനുകൂല നടപടി സ്വീകരിക്കാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സൂചന 2 പ്രകാരം ശിപാർശ ചെയ്യുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

i. ഇന്ദിര ആവാസ് യോജന ഭവന പദ്ധതിയ്ക്കായി 2012-13 വർഷത്തിൽ പട്ടികജാതി, പൊതുവിഭാഗം ഗുണഭോക്താക്കൾക്കായി ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനായി ത്രിതല സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള കാലാവധി 31/05/2013 ൽ

അവസാനിക്കേ, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് 07/2013 ൽ ത്രിതല-സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത നടപടി സാധൂകരിച്ചുകൊണ്ടും

ii. ഇന്ദിര ആവാസ് യോജന ഭവന പദ്ധതിയ്ക്കായി ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും എടുത്ത വായ്പയിൽ തിരിച്ചടക്കാനുള്ള മുതലിനത്തിലെ 52,80,258/-രൂപയും 15/08/2023 വരെയുള്ള പലിശ ഇനത്തിലെ 65,66,889/- രൂപയും ചേർത്ത് തിരിച്ചടക്കാനുള്ള ആകെ തുകയായ 1, 18,47, 147/- രൂപ, ഇന്ദിര ആവാസ് യോജന ഭവന നിർമ്മാണ പദ്ധതിയുടെ ലോൺ അക്കൗണ്ടിൽ ശേഷിക്കുന്ന, തുകയിൽ നിന്ന് (1,16,61,794/-രൂപ) പിൻവലിച്ച് തിരിച്ചടയ്ക്കുന്നതിനും, പലിശയുൾപ്പെടുന്ന ബാക്കി തുക വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഒടുക്കുന്നതിനും അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം
പ്രസിഡന്റ്, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്, ചാത്തന്നൂർ പി.ഒ., കൊല്ലം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള,തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 2376060/DEV-2/62/2023-FIN പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ, ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Sheeba. S. C**
**Date: 24-09-2025 09:38:54**
സെക്ഷൻ ഓഫീസർ